# ‘യഥാർത്ഥ ദാഹം’

## യോഹന്നാൻ 7:37

“ഉത്സവത്തിന്റെ മഹാദിനമായ ഒടുക്കത്തെ നാളിൽ യേശുനിന്നുകൊണ്ടു ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ.”

ആധുനിക മനുഷ്യന്റെ ദാഹം ഉയർച്ചയ്ക്കും, സ്ഥാനത്തിനും, മാനത്തിനും വേണ്ടി മാത്രമാകുന്നു. എന്നാൽ സമൃദ്ധമായ ജീവനുവേണ്ടിയുള്ള ഒരു യഥാർത്ഥ ദാഹം ഇന്ന് ഉണ്ടോ? ഈ ആഗ്രഹം ഉണ്ടാകണമെങ്കിൽ ജീവൻ ഉണ്ട് എന്ന് വിശ്വസിക്കണം. ആ ജീവനെ കണ്ടെത്താനുള്ള ആകാംക്ഷ ഉണ്ടാകണം. കണ്ടെത്തിയാൽ അനുഭവിക്കാനുള്ള ദാഹം വേണം.

സങ്കീർത്തനങ്ങൾ 63:1 ൽ ദാവീദ് പറയുന്നു “ദൈവമെ, നീ എന്റെ ദൈവം: അതികാലത്ത് ഞാൻ നിന്നെ അന്വേഷിക്കും. വെള്ളമില്ലാതെ ഉണങ്ങിവരണ്ട ദേശത്തു എന്റെ ഉള്ളം നിനക്കായി ദാഹിക്കുന്നു.” അതികാലത്തേ അവനായി ഒന്ന് ദാഹിക്കണം. ദാഹിക്കുന്ന വർക്കു മാത്രമേ ലഭിക്കൂ. “സൈന്യങ്ങളുടെ യഹോവേ തിരുനിവാസം എത്ര മനോഹരം! എന്റെ ഉള്ളം യഹോവയുടെ പ്രാകാരങ്ങളെ വാഞ്ഛിച്ചു മോഹിച്ചു പോകുന്നു. എന്റെ ഹൃദയവും എന്റെ മാംസവും ജീവനുള്ള ദൈവത്തെ നോക്കി ഘോഷിക്കുന്നു.” അതേ എന്റെ ഉള്ളം മാത്രമല്ല, ഹൃദയവും മാംസവും എല്ലാം എല്ലാം ദൈവത്തെ നോക്കി അവനായി വാഞ്ഛിക്കുന്ന അനുഭവം.

നമ്മുടെ താല്പര്യങ്ങൾക്കും ആഗ്രഹങ്ങൾക്കും അനുസരിച്ച് ശരീരം അനുസരിക്കും. അതായത് ദൈവമക്കളുടെ നിയന്ത്രണം ദാഹിക്കുന്ന ആത്മാവിനനുസരിച്ചാകുന്നു. ആത്മാവു ഒരുക്കമെങ്കിൽ മനസ്സും ശരീരവും അതുതന്നെ. ഉദാഹരണമായി ശരീരത്തിൽ പലവിധമായ വേദനകൾകൊണ്ട് ബലഹീനപ്പെട്ട അവസ്ഥയിലും ഇഷ്ടമുള്ള ഒരിടത്തേക്കു നമുക്കു പോകണമെങ്കിൽ ഇഷ്ടത്തിനനുസരിച്ച് ശരീരവും അനുസരിക്കും. ദൈവ ത്തിനായി ദാഹിക്കുന്നതിന്റെ പിന്നിലെയും തത്വം ഇതു മാത്രമാണ്. ഉള്ളംകൊണ്ട് ആഗ്രഹിക്കുമ്പോൾ, ദേഹി, ദേഹം മുഴുവനായി അതിനു മാത്രം നോക്കി കാംക്ഷിക്കും.

കുളക്കരയിൽവെച്ച് കർത്താവ് കുരുടനെ സൗഖ്യമാക്കുമ്പോൾ അവനോട് ഹൃദയത്തിലു ള്ളതെന്തെന്ന് യേശു ചോദിക്കുന്നുണ്ട് “ഞാൻ നിനക്ക് എന്തു ചെയ്തു തരണം” എന്ന് യേശു ആവശ്യപ്പെടുന്നു. ഏലീയാവ് ഏലീശയോട് നിനക്ക് എന്തു വേണമെന്ന് ചോദിക്കുന്നു. രണ്ടു സന്ദർഭങ്ങളിലും ഒരുനിമിഷം ആലോചിക്കേണ്ടി വരുന്നില്ല, കുരുടൻ കാഴ്ചക്കായിട്ടും, ഏലീശ ആത്മാവിന്റെ ഇരട്ടി പങ്കും ചോദിക്കുന്നതായി കാണാം.

ഹൃദയത്തിന്റെ ഉള്ളിൽ വാഞ്ചിക്കുന്നത് അഥവാ ആത്മദാഹം നമുക്ക് ഇവിടെ കാണാം. ദാഹിക്കുന്നവർക്കേ നിറവ് ഉള്ളൂ. നിറവ് സമൃദ്ധിയിലേക്ക് എത്തിക്കും. അങ്ങനെയെങ്കിൽ ഒരുക്കത്തോടെ വിശ്വാസത്തിന്റെ ലക്ഷണം നമുക്ക് വെളിപ്പെടുത്താം. ചോദിക്കാം, നിറഞ്ഞു കവിഞ്ഞു ലഭിക്കുന്ന ആത്മദാഹത്തിലേക്ക് ദിനവും എത്തുവാൻ പ്രാർത്ഥിക്കാം, വാങ്ങി പക്ഷവാതക്കാരനെപ്പോലെ മടങ്ങിപ്പോകാം.

സാഹചര്യം ഏതായാലും അതിന്റെ നടുവിൽ സമൃദ്ധിയായി ജീവിക്കാനുമുള്ള ഒരു ദൈവ കൃപ ഈ നീരുറവ തരും. കർത്താവിനെ അറിയാൻ, അനുഭവിക്കാൻ, ആലോചിക്കാൻ, കൂടാതെ പ്രശ്നങ്ങളിൽ, ദുഷ്ടന്റെ തന്ത്രങ്ങളിൽ, ശകാരങ്ങളുടെ നടുവിൽ, വേദനകളിൽ എല്ലാം എല്ലാം സമൃദ്ധമായ ഉറവയിൽനിന്നുള്ള ജലം നമ്മടെ ദാഹം തീർക്കും, തൃപ്തി തരും. വിശ്വാസത്തോടെ ഉറവ് അനുഭവിക്കാനും ഉള്ളിൽനിന്ന് ഒരു ഒഴുക്ക് പുറത്തേക്കു ഒഴുക്കാനും പ്രാർത്ഥിക്കാം.

പരാമർശം :

സങ്കീർത്തനം 143:6

''ഞാൻ എന്റെ കൈകളെ നിങ്കലേക്കു മലർത്തുന്നു; വരണ്ട നിലംപോലെ എന്റെ പ്രാണൻ നിനക്കായി ദാഹിക്കുന്നു.''.

യെശയ്യാവു 55:1

അല്ലയോ, ദാഹിക്കുന്ന ഏവരും ദ്രവ്യമില്ലാത്തവരുമായുള്ളോരേ വെള്ളത്തിന്നു വരുവിൻ: വന്നു വാങ്ങി തിന്നുവിൻ; നിങ്ങൾ വന്നു ദ്രവ്യവും വിലയും കൂടാതെ വീഞ്ഞും പാലും വാങ്ങിക്കൊൾവിൻ.

സിസ്റ്റർ ബിന്ദു റെജി അയ്മനം 010